(സി) റീ-സർവ്വേയ്ക്ക് വേണ്ടി നിയോഗിക്കപ്പെട്ടിട്ടുള്ള ജീവനക്കാരുടെ പുനർ വിന്യാസം സംബന്ധിച്ച് എന്തെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) :

(എ) ഇല്ല.

(ബി) 31-10-2012 -ലെ ജി.ഒ.(എംഎസ്.) 409/12/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം റീ-സർവ്വേ ജോലികൾ വർക്കാർ ഭൂമിയിലും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് സ്വകാര്യ ഭൂമിയിലും നിർവ്വഹിക്കുന്നതിലേയ്ക്ക് നിജപ്പെടുത്തിയിട്ടുണ്ട്.

(സി) പുനർവിന്യാസം സംബന്ധിച്ച് ഉത്തരവ് ഒന്നും പുറപ്പെടുവിച്ചിട്ടില്ല.

ചകിരിച്ചോറിൽനിന്ന് വൈദ്യുതി

12 (*102) ശ്രീ. പി. എ. മാധവൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. തോന്നയ്ക്കൽ രാമകൃഷ്ണൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചകിരിച്ചോറിൽനിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന നിലയം സ്ഥാപിക്കുന്നതിനുള്ള പദ്ധതിക്ക് കയർ ബോർഡ് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) എത്ര മെഗാവാട്ട് വൈദ്യുതിയാണ് പ്രസ്തുത പദ്ധതി വഴി ഉൽപ്പാദിപ്പിക്കാനുദ്ദേശിക്കുന്നത്, വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതിക്കായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) :

(എ&ബി) ഇല്ല. എന്നിരുന്നാലും ചകിരിച്ചോറ് അധ്യോഗസ്ഥരുമായി ചേർത്ത് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനെ സംബന്ധിച്ച് മുംബൈയിലെ ഒരു സ്ഥാപനവുമായി കയർബോർഡ് ചർച്ചകൾ നടത്തിയതായും ആവശ്യമായ സ്ഥലവും മുതൽമുടക്കും ഉണ്ടെങ്കിൽ ചകിരിച്ചോറും തേങ്ങാപ്പൊടി വസ്തുക്കളും ചേർത്ത് ഉപയോഗിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ സാധിക്കുമെന്ന് ടി സ്ഥാപനം അറിയിച്ചിട്ടുള്ളതായും കയർബോർഡ് അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി&ഡി) കയർ ബോർഡിന്റെ പ്രവർത്തന പരിധിക്കകത്തുനിന്ന് ഇതിനായി നിലയം നിർമ്മിക്കാൻ വ്യവസായിയില്ലെന്നും ചകിരിച്ചോർ മാത്രം ഉപയോഗിച്ചുള്ള വൈദ്യുതി ഉല്പാദനം ലാഭകരമല്ലായെന്നും ഇക്കാരണത്താൽ തുടർ നടപടികളൊന്നും എടുത്തിട്ടില്ലായെന്നും കയർ ബോർഡ് അറിയിച്ചിട്ടുണ്ട്.

പുഴലിക്കാട് പ്രതിരോധ പദ്ധതി പ്രവർത്തനം

13 (*103) ശ്രീ. പി. ഉറൈബുള്ള :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടപ്പാക്കാനുദ്ദേശിക്കുന്ന പുഴലിക്കാട് പ്രതിരോധ പദ്ധതി പ്രവർത്തനം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരമുള്ള പുനരധിവാസ കേന്ദ്രങ്ങൾ ഏതൊക്കെ ജില്ലകളിൽ എവിടെയെല്ലാം സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രകൃതിക്ഷോഭമുണ്ടാകുമ്പോൾ സമീപത്തെ സർക്കാർ സ്കൂളുകളാണ് അഭയകേന്ദ്രങ്ങളായി മാറുന്നത് എന്ന വസ്തുത കണക്കിലെടുത്ത് അത്തരം സ്കൂളുകളോടനുബന്ധിച്ചുള്ള സ്ഥലങ്ങളിൽ പുനരധിവാസ കേന്ദ്രങ്ങൾ നിർമ്മിക്കുന്ന കാര്യം പരിഗണിക്കുമോ ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) :

(എ) തീരദേശ പുഴലിക്കാട് ദുരന്ത ലഘൂകരണ പദ്ധതിയുടെ രണ്ടാം ഘട്ടത്തിലാണ് കേരളത്തെ ഉൾപ്പെടുത്തിയിട്ടുള്ളത്. പദ്ധതിയുടെ ഭാഗമായി തയ്യാറാക്കിയ വിശദമായ പ്രോജക്ട് റിപ്പോർട്ടിന്മേൽ ലോക ബാങ്ക് പ്രതിനിധികൾ നിർദ്ദേശിച്ച ഭേദഗതികൾകൂടി ഉൾപ്പെടുത്തിക്കൊണ്ട് അന്തിമ പ്രോജക്ട് റിപ്പോർട്ട് അംഗീകരിക്കുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്. പദ്ധതി നടത്തിപ്പിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി രൂപീകരിച്ച സ്റ്റിയറിംഗ് കമ്മിറ്റിയുടെ ആദ്യ യോഗം 19-9-2014-ന് കൂടുകയും പദ്ധതി നിർവ്വഹണ യൂണിറ്റിന്റെ (Project Implementation Unit-PIU) ഘടനയ്ക്ക് അംഗീകാരം നൽകുകയും ചെയ്തു. PIU-വിലേക്ക് ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പദ്ധതിയുടെ രണ്ടാംഘടകമായ (Component-B) വിവിധോദ്ദേശ്യ സൈക്ലോൺ

LIBRARY ARCHIVES Kerala Legislative Assembly